പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2585 19.03.2015-ൽ മറുപടിക്ക്

തൃക്കാക്കര, കളമശ്ശേരി ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | തൃക്കാക്കര, കളമശ്ശേരി മുൻസിപ്പാലിറ്റികളിൽ നടപ്പിലാക്കുന്ന ശുദ്ധജലപദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; | എ. | കൊച്ചി കോർപ്പറേഷൻ, കളമശ്ശേരി, തൃക്കാക്കര അടക്കമുള്ള 4 മുൻസിപ്പാലിറ്റികൾ, 10 പഞ്ചായത്തുകൾ എന്നിവയ്ക്കായി നടപ്പിലാക്കുന്ന "ഇന്ററിം ആഗ് മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ സ്കീം ടു കൊച്ചി സിറ്റി"ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കളമശ്ശേരി നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾ പ്പെടുത്തി കളമശ്ശേരി നിയോജക മണ്ഡലത്തിലെ വട്ടേക്കുന്നം മുട്ടാർ പദ്ധതിക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| ബി | ലഭിച്ചിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്; ഇതിന്റെ പണി ഏത് വരെയായി ; | ബി. | 1) ഇന്ററിം ആഗ് മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ സ്കീം ടു കൊച്ചി സിറ്റി" എന്ന പദ്ധതിക്ക് 238.53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകമായ 135 എം.എൽ.ഡി ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കളമശ്ശേരി എച്ച്.എം.റ്റി.യിൽ നിന്നും ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ എടുത്തു വരുന്നു.<br><br>2) കളമശ്ശേരി നിയോജക മണ്ഡലത്തിലെ വട്ടേക്കുന്നം മുട്ടാർ പദ്ധതിക്ക് എം.എൽ.എ.ആസ്തി വികസന പദ്ധതിയിൽ പ്പെടുത്തി 339 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കു വേണ്ടി പൈപ്പുകൾ ഫാക്ടറി ടെസ്റ്റിന് സജ്ജമായിട്ടുണ്ട്. മാർച്ച് അവസാനത്തോടെ പൈപ്പ് സപ്ലൈ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| സി: | ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി. പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ